DESPATCHED
On...30/08/22

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ CP No. 1128(3)/2018 *എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.12285/*എസ്.ഐ.സി-ജി 1/2018*)

സന്നിഹിതൻ

എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി : 25.08.2022

| | |
|---|---|
| ശ്രീ.റ്റി. പ്രദീപ്,<br>മുട്ടത്തിങ്കൽ ഹൗസ്,<br>മേപ്പയൂർ,<br>കോഴിക്കോട് – 673 524. | പരാതി ഹർജിക്കാരൻ |

Vs.

| | |
|---|---|
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>സെക്രട്ടറി,<br>മേപ്പയൂർ ഗ്രാമപഞ്ചായത്ത്,<br>കോഴിക്കോട് – 673 524. | എതിർകക്ഷി |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 09/10/2018 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 25/09/2018 |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 30/10/2018 |

## ഉത്തരവ്

കോഴിക്കോട് ജില്ലയിൽ മേപ്പയൂർ, മുട്ടത്തിങ്കൽ വീട്ടിൽ ശ്രീ. റ്റി. പ്രദീപ്, മേപ്പയൂർ ഗ്രാമപഞ്ചായത്തിലെ എസ്.പി.ഐ.ഒ യ്ക്ക് നൽകിയ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് ടിയാന്റെ ഉടമസ്ഥതയിലുള്ള കെട്ടിടമുറികളെ സംബന്ധിക്കുന്ന ചില വിവരങ്ങൾ അറിയുന്നതിനു വേണ്ടിയാണ്. ടി അപേക്ഷയ്ക്ക് യഥാസമയം അപേക്ഷകന് മറുപടി ലഭിക്കാതിരുന്നതിനെ

തുടർന്നാണ് ശ്രീ. റ്റി. പ്രദീപ് സംസ്ഥാന വിവരാവകാശ കമ്മീഷനെ സമീപിച്ചത്. കമ്മീഷൻ 31.08.2021, 18.07.2022 തീയതികളിൽ C.P.1128(3)/18/SIC നമ്പർ ഫയലിൽ വിശദീകരണം ആവശ്യപ്പെടുകയും ആയതിന്റെ പകർപ്പ് അപേക്ഷകന് നൽകാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. കമ്മീഷൻ 19.08.2022 തീയതിയിൽ കോഴിക്കോട് കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ ഹിയറിംഗിൽ ഈ പരാതി ഹർജി പരിഗണിച്ചു.

2. ഹിയറിംഗിൽ പരാതി ഹർജിക്കാരൻ ഹാജരാവുകയോ ഹാജരാവാതിരുന്നതിനുള്ള കാരണമോ അറിയിച്ചിരുന്നില്ല. എസ്.പി.ഐ.ഒ ഹാജരായി വിശദീകരണം സമർപ്പിച്ചു. ആയത് പരിശോധിച്ചതിൽ കമ്മീഷന്റെ ഇടപെടലിനെ തുടർന്ന് പരാതിക്കാരന് മുഴുവൻ വിവരവും നൽകിയിട്ടുള്ളതായി കാണുന്നു.

3. പരാതി ഹർജിക്കാരന് വിവരങ്ങൾ ലഭിക്കുകയും ഹിയറിംഗിൽ ഹർജിക്കാരൻ ഹാജരായി വിവരങ്ങൾ നേരിട്ട് ബോധിപ്പിക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ ഈ ഫയലിലെ നടപടികൾ അവസാനിപ്പിച്ച് ഉത്തരവാകുന്നു.

4. മേൽ പ്രസ്താവിച്ച പ്രകാരം, ഈ പരാതി ഹർജി കമ്മീഷൻ ഇന്നേ ദിവസം (2022 ആഗസ്റ്റ് മാസം 25-ാം തീയതി) തീർപ്പാക്കി ഉത്തരവാകുന്നു.

**എ. അബ്ദുൽ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ KERALA THIRUVANANTHAPURAM ★

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

vkm